**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **23-08-2022 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈൻ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനത്തിന്റെ സർവേക്കായി കല്ലിടുന്നതിന് പകരം ജിയോടാഗ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിരുന്നോ; | (എ) | സാമൂഹികാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ജിയോടാഗ് ഉപയോഗിച്ച് സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | സാമൂഹികാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (സി) | സാമൂഹികാഘാതപഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികൾക്ക് അവ പൂർത്തിയാക്കാൻ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ഇക്കാര്യം പരിശോധനയിലാണ്. |
| (ഡി) | സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി സമരങ്ങളിൽ പങ്കെടുത്തവരുടെ പേരിൽ എടുത്ത കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവ പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ